**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 543** **11-07-2024 - ൽ മറുപടിയ്ക്ക്**

**വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനത്തിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ വി ജോയി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന കോഴ്സുകളിൽ തന്നെ പ്രത്യേകമായ തൊഴിൽ പരിശീലനം നൽകുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി വിദഗ്ധരുടെ സേവനം ലഭ്യമാക്കുമോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ദേശീയ തലത്തിലുള്ള എൻ എസ് ക്യൂ എഫ് പാഠ്യപദ്ധതി അനുസരിച്ചുള്ള ലെവൽ 3 / ലെവൽ 4 കോഴ്സുകളാണ് നടത്തി വരുന്നത്. സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഫിനിഷിംഗ് സ്കിൽ ലഭിക്കുന്നതിന് വേണ്ടി "60 ദിവസത്തെ സ്മാർട്ട് ഇൻഡസ്ട്രി റെഡിനസ്സ് പ്രോഗ്രാം" കിറ്റ്സ് അഡാക്ക(ADAK)മായി സഹകരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഫിഷറീസ്, ടൂറിസം മേഖലയിലെ കുട്ടികൾക്കാണ് ഈ പദ്ധതി നടപ്പിലാക്കിയത്. സിലബസ് പ്രകാരമുള്ള പഠന പ്രക്രിയകൾ, പ്രായോഗിക പരിശീലനങ്ങൾ എന്നിവയ്ക്ക് പുറമേ അവർ പഠിക്കുന്ന കോഴ്സുകളിൽ അനുബന്ധം I പ്രകാരമുള്ള പദ്ധതികൾ കൂടി നടത്തി വരുന്നു. |
| (ബി) | വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സ് പാസ്സായ വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേകമായ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിലൂടെ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് പബ്ലിക്/പ്രൈവറ്റ് സെക്ടറുകളിൽ നിന്നായി പ്രമുഖ കമ്പനികളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സഹകരണത്തോടെ തൊഴിൽ മേളകൾ സംഘടിപ്പിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം - I</u>

**ഓൺ ദി ജോബ് ട്രെയിനിംഗ് – OJT**

VHSE വിദ്യാർത്ഥികൾക്ക് അതതു ജോബ് റോളുകളുമായി ബന്ധപ്പെട്ട തൊഴിലിടങ്ങളിൽ നിന്നും നേരിട്ട് തന്നെ തൊഴിൽ നൈപുണികൾ ആർജ്ജിക്കുക എന്ന ഉദ്ദേശത്തോടെ NSQF പാഠ്യപദ്ധതി പ്രകാരം 4– 6 ദിവസത്തെ പരിശീലനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. സ്കൂളിനു സമീപത്തോ, സ്കൂളിൽ നിന്നും പോയ് വരാവുന്ന ദൂരങ്ങളിലോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് കൂടുതലായും പരിശീലനത്തിന് തെരഞ്ഞെടുക്കുന്നത്. എന്നാൽ താമസിച്ചു പരിശീലിക്കേണ്ട സ്ഥാപനങ്ങളും ഉണ്ട്. സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരിശീലനം നടത്തി വരുന്നു. KSEB, KELTRON, KSFE, KAU, BSNL, IIIC എന്നിവിടങ്ങളിൽ കേന്ദ്രീകൃത രീതിയിലും കൂടാതെ വികേന്ദ്രീകൃത രീതിയിലും പരിശീലനങ്ങൾ ക്രമീകരിക്കുന്നു. ഡയറക്ടറേറ്റിൽ കരിക്കുലം വിഭാഗം ഇതിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു.

**ഇൻഡസ്ട്രി വിസിറ്റ്**

അനുഭവപരവും സന്ദർഭോചിതവുമായ പാഠ്യപരിശീലനത്തെ ശക്തിപ്പെടുത്തുക എന്നതാണ് ഇൻഡസ്ട്രി വിസിറ്റ് നടത്തുന്നതിന്റെ പ്രധാന ലക്ഷ്യം. ഫീൽഡ് ട്രിപ്പുകൾ real-world connections ഉണ്ടാക്കി ക്ലാസ്സ് റൂം പഠനത്തെ മെച്ചപ്പെടുത്തുന്നു. ഇൻഡസ്ട്രി വിസിറ്റ് വിദ്യാർത്ഥികളുടെ വിമർശനാത്മക ചിന്താശേഷി വർദ്ധിപ്പിക്കുകയും വിദ്യാർത്ഥികൾക്ക് ഒരു വിഷയത്തെക്കുറിച്ചോ നൈപുണിയെക്കുറിച്ചോ മറ്റൊരു വീക്ഷണകോണിൽ നിന്ന് ചിന്തിക്കാനുള്ള അവസരവും ലഭിക്കുന്നു. പഠിക്കുന്ന കോഴ്സുകളിലെ വായിച്ചറിഞ്ഞ പാഠങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കാൻ വിദ്യാർഥികളെ ഇത് സഹായിക്കുന്നു.

**ഇൻഡസ്ട്രി എക്സ്പെർട്ട് ഇന്ററാക്ഷൻ**

മികച്ച അനുഭവപരിചയമുള്ള ഇൻഡസ്ട്രി പ്രതിനിധികളുമായി നിരന്തരമായ ആശയ വിനിമയത്തിനുള്ള വഴികൾ സൃഷ്ടിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കിടയിൽ ആത്മവിശ്വാസം വളർത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഒരു വിദ്യാർത്ഥിയുടെ വ്യക്തിഗത കഴിവുകൾ വർധിപ്പിക്കുന്നതിനും അവരെ വ്യവസായ - സജ്ജരാക്കുന്നതിനും (industry-ready) വളരെ യധികം സഹായിക്കുന്നു. പഠിക്കുന്ന കോഴ്സുകളിലെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട വിദഗ്ധർ ക്ലാസ്സുമുറികളിൽ നേരിട്ട് കുട്ടികളുമായി സംവദിക്കുന്നു എന്നത് ഇതിന്റെ സവിശേഷതയാണ്. രണ്ട് വർഷങ്ങളിലായി ചുരുങ്ങിയത് ഇത്തരത്തിലുള്ള 8 സെഷനുകളെങ്കിലും ഒരു വിദ്യാർഥിക്ക് ലഭിക്കുന്നുണ്ട്.

# <u>അനുബന്ധം - II</u>

**തൊഴിൽ മേള**

2023-24 വർഷത്തിൽ 8 ജില്ലകളിൽ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്തിൽ തൊഴിൽ മേള സംഘടിപ്പിച്ചു.
വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പ്രധാനമായും നാല് സ്കീമുകളിലെ വിദ്യാർത്ഥി കളെയാണ് തൊഴിൽ മേളയിൽ പങ്കെടുപ്പിച്ചത്.

1. Engineering
2. Para Medical
3. Agriculture & Fisherman
4. Commerce

മേൽ സൂചിപ്പിച്ച കാറ്റഗറിയിലെ തൊഴിലുടമകളെ പങ്കെടുപ്പിക്കുന്നതിന് District Employment Exchange/Employment Information & Guidance Bureau / Vocational Guidance Bureau എന്നീ സ്ഥാപനങ്ങളുടെ നല്ല സഹകരണം ലഭിച്ചു.

**ലക്ഷ്യങ്ങൾ**

1.വിദ്യാർത്ഥികൾക്കും തൊഴിലുടമകൾക്കും പരസ്പരം പരിചയപ്പെടാനും പ്രൊഫഷണൽ ബന്ധങ്ങൾ സ്ഥാപിക്കാനും, സാധ്യതയുള്ള ജോലി കൂടാതെ ഇന്റേണൽഷിപ്പിനുള്ള അവസരങ്ങൾ നൽകുക.

2 വിദ്യാർത്ഥികൾക്ക് ധാരാളം തൊഴിലുടമകളെ പരിചയപ്പെടുവാൻ അവസരം നൽകുക.

3.തൊഴിലുടമകൾക്ക് നല്ല ഉദ്യോഗാർത്ഥികളെ നല്കുക.

4.ഉയർന്ന നിലവാരമുള്ള ഉദ്യോഗാർത്ഥികളെ തൊഴിലുടമകൾക്ക് നല്കുക.

5.വിദ്യാർത്ഥികളെ അവർക്ക് അനുയോജ്യമായ തൊഴിൽ ലഭിക്കുന്നതിന് സഹായിക്കുക.

**2023 ലെ തൊഴിൽ മേളയുടെ വിശദാംശങ്ങൾ**

| Sl. No. | Name of Region | No. of participants | No. of Employers Participated | No. of Shortlisted Candidates | Selected List | Total selection |
|---|---|---|---|---|---|---|
| 1 | Kollam | 623 | 44 | 112 | 91 | 203 |
| 2 | Alappuzha | 267 | 27 | 62 | 30 | 92 |
| 3 | Pathanamthitta | 278 | 21 | 134 | 92 | 226 |
| 4 | Ernakulam | 728 | 40 | 300 | 50 | 30 |
| 5 | Thrissur | 500 | 30 | 165 | 123 | 288 |
| 6 | Kuttippuram | 189 | 22 | 45 | 25 | 70 |
| 7 | Vadakara | 512 | 45 | 135 | 80 | 215 |
| 8 | Payyannur | 180 | 21 | 40 | 20 | 60 |
| | **Total** | **3277** | **250** | **993** | **511** | **1504** |

# അനുബന്ധം - II

**തൊഴിൽ മേള**

2023–24 വർഷത്തിൽ 8 ജില്ലകളിൽ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്തിൽ തൊഴിൽ മേള സംഘടിപ്പിച്ചു.
വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പ്രധാനമായും നാല് സ്കീമുകളിലെ വിദ്യാർത്ഥി കളെയാണ് തൊഴിൽ മേളയിൽ പങ്കെടുപ്പിച്ചത്.

1. Engineering
2. Para Medical
3. Agriculture & Fisherman
4. Commerce

മേൽ സൂചിപ്പിച്ച കാറ്റഗറിയിലെ തൊഴിലുടമകളെ പങ്കെടുപ്പിക്കുന്നതിന് District Employment Exchange/Employment Information & Guidance Bureau / Vocational Guidance Bureau എന്നീ സ്ഥാപനങ്ങളുടെ നല്ല സഹകരണം ലഭിച്ചു.

**ലക്ഷ്യങ്ങൾ**

1.വിദ്യാർത്ഥികൾക്കും തൊഴിലുടമകൾക്കും പരസ്പരം പരിചയപ്പെടാനും പ്രൊഫഷണൽ ബന്ധങ്ങൾ സ്ഥാപിക്കാനും, സാധ്യതയുള്ള ജോലി കൂടാതെ ഇന്റേണൽഷിപ്പിനുള്ള അവസരങ്ങൾ നൽകുക.

2 വിദ്യാർത്ഥികൾക്ക് ധാരാളം തൊഴിലുടമകളെ പരിചയപ്പെട്ടുവാൻ അവസരം നൽകുക.

3.തൊഴിലുടമകൾക്ക് നല്ല ഉദ്യോഗാർത്ഥികളെ നല്കുക.

4.ഉയർന്ന നിലവാരമുള്ള ഉദ്യോഗാർത്ഥികളെ തൊഴിലുടമകൾക്ക് നല്കുക.

5.വിദ്യാർത്ഥികളെ അവർക്ക് അനുയോജ്യമായ തൊഴിൽ ലഭിക്കുന്നതിന് സഹായിക്കുക.

**2023 ലെ തൊഴിൽ മേളയുടെ വിശദാംശങ്ങൾ**

| Sl. No. | Name of Region | No. of participants | No. of Employers Participated | No. of Shortlisted Candidates | Selected List | Total selection |
|---|---|---|---|---|---|---|
| 1 | Kollam | 623 | 44 | 112 | 91 | 203 |
| 2 | Alappuzha | 267 | 27 | 62 | 30 | 92 |
| 3 | Pathanamthitta | 278 | 21 | 134 | 92 | 226 |
| 4 | Ernakulam | 728 | 40 | 300 | 50 | 30 |
| 5 | Thrissur | 500 | 30 | 165 | 123 | 288 |
| 6 | Kuttippuram | 189 | 22 | 45 | 25 | 70 |
| 7 | Vadakara | 512 | 45 | 135 | 80 | 215 |
| 8 | Payyannur | 180 | 21 | 40 | 20 | 60 |
| | **Total** | **3277** | **250** | **993** | **511** | **1504** |